**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3219** **26-06-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ മലയോര ഹൈവേ പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | പാലക്കാട് ജില്ലയിൽ 5 സ്റ്റേച്ചകളിലൂടെയാണ് മലയോര ഹൈവേ കടന്ന് പോകുന്നത്.<br><br>(1) കാഞ്ഞിരംപാറ മസ്ജിദ് - കുമരംപുത്തൂർ (18.10 കി.മീ) - മലയോര ഹൈവേയുടെ നിർമ്മാണപ്രവർത്തി നടപ്പിലാക്കുന്നത് പൊതുജനങ്ങളിൽ നിന്ന് സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നത് പ്രകാരമാണ്. ഈ സ്റ്റേച്ചിൽ നിർമ്മാണ പ്രവർത്തിക്ക് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രവർത്തിയ്ക്ക് സാങ്കേതിക അനുമതി നൽകുന്ന നടപടികൾ പുരോഗമിക്കുന്നു.<br><br>തുടർന്ന് കുമരംപുത്തൂർ മുതൽ ചന്ദ്രനഗർ വരെ പാലക്കാട് കോഴിക്കോട് ദേശീയപാതയിലും ചന്ദ്രനഗർ മുതൽ കുട്ടുപാത വരെ കൊച്ചിൻ സേലം ദേശീയപാതയിലും കുട്ടുപാത മുതൽ ഗോപാലപുരം വരെ കിഫ്ബിയുടെ മറ്റൊരു പദ്ധതിയായ പാറ പൊള്ളാച്ചി റോഡിലും ഉൾപ്പെട്ടിട്ടുള്ളതാണ്.<br><br>(2) ഗോപാലപുരം മുതൽ കന്നിമാരിമേട് വരെ (14.86കി.മീ), (3) കന്നിമാരിമേട് മുതൽ നെട്ടുമണി വരെ (15.73കി.മീ), (4) പനങ്ങാട്ടിരി-വിത്തനശ്ശേരി (7.057കി.മീ), (5) നെന്മാറ ബൈപാസ് - തങ്കം ജംഗ്ഷൻ (15.21 കി.മീ) എന്നീ ബാക്കി നാല്പ സ്ട്രെച്ചുകളിൽ നിലവിലെ റോഡിന്റെ അതിരുകൾ തിട്ടപ്പെടുത്തുന്നതിനുള്ള താലൂക്ക് റവന്യൂ സർവ്വേ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ